File No.TCPCTP/652/2019-C1

# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം :- നഗരഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല പിറവം വില്ലേജ് - **പെട്രോൾ പമ്പ്-** ലേ- ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പിറവം നഗരസഭ സെക്രട്ടറിയുടെ 13/12/2019, 21/06/2019 തീയതികളിലെ E1-9045/18 നമ്പർ കത്ത്.

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 08/03/2019, 04/08/2019, 25/10/2019 തീയതിയിലെ യഥാക്രമം D/3368/2018/K.dis, D/1268/2019/K.Dis TCPEKM/2137/2019-D എന്നീ നമ്പർ കത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/652/19-C3** തീയതി: **12/11/2019**

---

എറണാകുളം ജില്ലയിലെ പിറവം നഗരസഭ പരിധിയിലുള്ള പിറവം വില്ലേജിൽ സർവ്വേ നമ്പർ 621/18-ൽപ്പെട്ട ആകെ 3977 ച.മീ. സ്ഥലമുള്ളതിൽ നിന്നും 900 ച.മീ. സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 39 ച.മീ., കനോപ്പി 186 ച.മീ. ഉൾപ്പെടെയുള്ള **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ടെറിറ്ററി മാനേജർ, ബി.പി.സി.എൽ, കൊച്ചിൻ-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്ക്യുപെൻസി നൽകുവാൻ പാടുള്ളു.
2. കെ.എം.ബി.ആർ. 1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/ നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം
7. a)ഖരമാലിന്യ സംസ്കരണം / ഉപരിതല ജല നിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.
   b)ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.എം.ബി.ആർ ചട്ടം 59(15) പ്രകാരം liquid waste management treatment plant ഉം ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന waste water, recycle ചെയ്ത് റീ-യൂസ് ചെയ്യുന്നതിനുള്ള സംവിധാനം ചട്ടം 59(16)പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.
8. സ്ഥലത്ത് നിർമ്മാണം നടത്തുന്നതിനുള്ള അവകാശം അപേക്ഷകനിൽ നിക്ഷിപ്തമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
9. കെ.എം.ബി.ആർ ചട്ടം 59(14) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **133/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

ടൗൺ പ്ലാനറുടെ കാര്യാലയം, പിൻ-695 033, തിരുവനന്തപുരം

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
പിറവം നഗരസഭ

<u>പകർപ്പ്:-</u>

1. ടെറിറ്ററി മാനേജർ(റീട്ടയിൽ), ബി.പി.സി.എൽ, ഇരുമ്പനം ഇൻസ്റ്റലേഷൻ, ഇരുമ്പനം.പി.ഒ.,കൊച്ചിൻ
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം